(ii) വാമനപുരം പഞ്ചായത്തിലെ എലിക്കോട്ടുക്കോണം കോളനി വൈദ്യുതീകരണം

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ: സർ, വാമനപുരം നിയോജകമണ്ഡലത്തിലെ വാമനപുരം പഞ്ചായത്തിൽ മേലാറ്റുമൂഴി പ്രദേശത്ത് നാളിതുവരെ വൈദ്യുതിയെത്തിയിട്ടില്ല. ഇവിടത്തെ എലിക്കോട്ടുക്കോണം ഹരിജൻ കോളനിയെ 1987-ൽ ജനറൽ സെക്ടറിൽ ഉൾപ്പെടുത്തിയെന്ന് പറഞ്ഞ് ഡിപ്പാർട്ടുമെന്റ് പോസ്റ്റ് ഇറക്കി അവിടെ ഇട്ടിട്ടുണ്ട്. ഇതുവരെ അതുൾപ്പെടുത്തിയതായിട്ട് കാണുന്നില്ല. അടിയന്തിരമായിട്ട് ആ കോളനി വൈദ്യുതീകരിക്കാനുള്ള നടപടിയെടുക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

വിദ്യുച്ഛക്തിയും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ): സർ, വാമനപുരം പഞ്ചായത്തിലെ എലിക്കോട്ടുക്കോണം ഹരിജൻ കോളനി സ്പെഷ്യൽ കംപോണന്റ് പ്ലാനിൽ ഉൾപ്പെടുത്തി വൈദ്യുതീകരിക്കുന്നതിനുവേണ്ടി ജില്ലാതല വർക്കിംഗ് ഗ്രൂപ്പിന്റെ അംഗീകാരത്തിനായി തിരുവനന്തപുരം ജില്ലാ കളക്ടർക്ക് 24-12-1990-ൽ അയച്ചുകൊടുത്തിട്ടുണ്ട്. ഈ കോളനി വൈദ്യുതീകരിക്കുന്നതിനുവേണ്ടി 5,26,275 രൂപയുടെ അടങ്കൽത്തുകയുള്ള ഒരു എസ്റ്റിമേറ്റും തയ്യാറാക്കിക്കഴിഞ്ഞു. ജില്ലാതല വർക്കിംഗ് ഗ്രൂപ്പിന്റെ അംഗീകാരം ലഭിക്കുന്നതോടുകൂടി ബഡ്ജറ്റിനു വിധേയമായി അടുത്ത സാമ്പത്തിക വർഷം ഈ കോളനി വൈദ്യുതീകരിക്കാനുള്ള നടപടികളും സ്വീകരിക്കുന്നതാണ്.

ശ്രീ. കെ. കരുണാകരൻ: സർ, മറ്റൊരു പ്രതിസന്ധിയാണ്. ഒരു മന്ത്രിസഭയിൽ രണ്ടു തരം സമീപനം സ്വീകരിക്കാൻ അവകാശമുണ്ടോ? ഗവൺമെന്റിനുവേണ്ടി മന്ത്രിമാർ മറുപടി പറയുമ്പോൾ, ഒരു മന്ത്രി ഭരണഘടനയ്ക്ക് ഒരു വ്യാഖ്യാനം കൊടുക്കുകയും മറ്റൊരു മന്ത്രി മറ്റൊരു വ്യാഖ്യാനം കൊടുക്കുകയും ചെയ്യുന്നത് ശരിയാണോ? അവരുടെ ഇടയിൽ അഭിപ്രായവ്യത്യാസം കാണും, അതു നടന്നുകൊള്ളട്ടെ. പക്ഷേ ഈ സഭയിലുന്നയിക്കുന്ന കാര്യങ്ങളെ സംബന്ധിച്ചിടത്തോളം ഒരു മന്ത്രിക്ക് കമ്മീഷൻ നിർദ്ദേശാനുസരണം പാടില്ലെന്നുള്ള നിഗമനവും മറ്റൊരു മന്ത്രിക്ക് ആകാമെന്നുള്ള നിഗമനവും ആണ്. റൂളിംഗിനുശേഷം അതിന്റെ പൊസിഷനെന്താണെന്നു പറയണം. കൂട്ടുത്തരവാദിത്വമുണ്ടെന്നു പറയുന്നത്, ഒരുമിച്ചുള്ള പ്രവർത്തനമാണല്ലോ, അതിന്റെ നിലയെന്താണെന്ന് കൂടി പറയണം.

വിദ്യുച്ഛക്തിയും ഗ്രാമവികസനവും വകുപ്പു മന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ): സർ, അങ്ങുതന്നെ പറഞ്ഞിട്ടുണ്ട്, ഇവിടത്തെ അധിപൻ സ്പീക്കറാണെന്ന്. സ്പീക്കറുടെ വിധി ശിരസ്സാ വഹിച്ചുകൊണ്ട് ഞാൻ അംഗീകരിച്ചു. അത് പിശകാണോയെന്നുള്ളത് റൂളിംഗിലൂടെ പറയണം.

മി.സ്പീക്കർ: അതുമാത്രമല്ല, ഭരണഘടനാപരമായ പ്രശ്നങ്ങളിൽ മന്ത്രിസഭയിൽ കൂട്ടുത്തരവാദിത്വമില്ല. ഭരണഘടന, ഭരണഘടനയാണ്. അതിന്റെ വ്യാഖ്യാനത്തിൽ, ചിലപ്പോൾ വ്യത്യാസം വരും. കൂട്ടുത്തരവാദിത്വമെന്നു പറഞ്ഞാൽ ഭരണത്തിൽ കൂട്ടുത്തരവാദിത്വമുണ്ട്, പക്ഷേ ഭരണഘടനയുടെ വ്യാഖ്യാനത്തിൽ കൂട്ടുത്തരവാദിത്വമില്ല.

LIBRARY ARCHIVES Kerala Legislative Assembly